LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ വരവ് ചെലവുകണക്കുകൾ

161 (227) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006, 2007, 2008, 2009, 2010 എന്നീ വർഷങ്ങളിൽ മാർച്ച് 31-ന് സംസ്ഥാനത്തിന്റെ ക്ളോസിംഗ് ക്യാഷ് ബാലൻസ് എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ട്രഷറി ബിൽസ്/കേന്ദ്ര സെക്യൂരിറ്റി നിക്ഷേപം എന്നിവയിൽനിന്ന് 2006 മുതൽ 2010 വരെ കാലയളവിൽ ഓരോ വർഷവും എന്ത് തുക ലഭിച്ചുവെന്നും ഇത് ക്ളോസിംഗ് ക്യാഷ് ബാലൻസിന്റെ എത്ര ശതമാനമാണെന്നും അറിയിക്കുമോ ;

(സി) 2009-10 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ എടുത്ത വായ്പകളിൻമേൽ ശരാശരി എത്ര ശതമാനം പലിശ നൽകേണ്ടിവന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം 2006, 2007, 2008, 2009, 2010 എന്നീ വർഷങ്ങളിൽ മാർച്ച് 31-ന് സംസ്ഥാനത്തിന്റെ ക്ലോസിംഗ് ക്യാഷ് ബാലൻസ് താഴെപറയും പ്രകാരമാണ്.

വർഷം	ക്യാഷ് ബാലൻസ് (കോടിയിൽ)
2005-06	219.69
2006-07	1096.46
2007-08	1347.84
2008-09	3387.81
2009-10	(അവസാനകണക്കുകൾ ലഭ്യമായിട്ടില്ല.)

(ബി) സംസ്ഥാനത്തിന്റെ ക്ളോസിംഗ് ക്യാഷ് ബാലൻസ് സംസ്ഥാനം ട്രഷറി ബില്ലുകൾ/കേന്ദ്ര സെക്യൂരിറ്റി എന്നിവയിൽ നിക്ഷേപിച്ച തുക

ഉൾപ്പെടെയുള്ളതാണ്. അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം 2006 മുതൽ 2009 വരെയുള്ള കാലയളവിൽ ഇപ്രകാരം നടത്തിയ നിക്ഷേപത്തെക്കുറിച്ചുള്ള വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

വർഷം	നിക്ഷേപം (കോടിയിൽ)
2005-06	157.83
2006-07	837.82
2007-08	850.04
2008-09	2589.72
2009-10	അവസാനകണക്കുകൾ ലഭ്യമായിട്ടില്ല.

ക്യാഷ് ബാലൻസിൽ നിന്നുള്ള നിക്ഷേപങ്ങളിൽ നിന്ന് പലിശയായി ലഭിച്ച തുക സംബന്ധിച്ച വിവരം താഴെപറയും പ്രകാരമാണ്.

വർഷം	പലിശ (കോടിയിൽ)	ശതമാനം
2005-06	5.02	2.29
2006-07	6.06	0.55
2007-08	7.34	0.54
2008-09	22.70	0.67
2009-10	അവസാനകണക്കുകൾ ലഭ്യമായിട്ടില്ല.	

(സി) 2009-10 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ എടുത്ത വായ്പകളിൻമേൽ ശരാശരി 7.92 ശതമാനം പലിശയാണ് നൽകേണ്ടത്.

പദ്ധതികൾ യഥാസമയം പൂർത്തിയാക്കാൻ നടപടി

162 (228) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെ ഓരോ വർഷവും ഓരോ വകുപ്പിനും നീക്കിവച്ച തുകയെത്രയാണെന്നും അധികച്ചെലവിന് നൽകിയ തുകയെത്ര യാണെന്നും അറിയിക്കുമോ ;

(ബി) ഇതിൽ ഓരോ വർഷവും എന്ത് തുക വീതം ഓരോ വകുപ്പും ചെലവഴിച്ചു ; അത് മൊത്തം തുകയുടെ എത്ര ശതമാനം വരും ;

LIBRARY ARCHIVES Kerala Legislative Assembly